എണ്ണ സങ്കേതങ്ങൾ

* 47. [11] ശ്രീ. എസ്സ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തീരപ്രദേശത്ത് എണ്ണ സങ്കേതങ്ങൾ ഉണ്ടോ എന്നു് അന്വേഷിക്കാൻ ഒരു വിദഗ്ദ്ധ പരിശോധകസംഘത്തെ കേന്ദ്രഗവണ്മെന്റ് നിയോഗിച്ചിട്ടുണ്ടോ ;

(ബി) ഇതേക്കുറിച്ച് സംസ്ഥാനഗവണ്മെന്റിനു വല്ല വിവരവും ലഭിച്ചിട്ടുണ്ടോ ;

(സി) ഇതേക്കുറിച്ച് ഈ വിദഗ്ദ്ധ സംഘത്തിന്റെ അന്വേഷണത്തിന്റെ ഫലമെന്താണു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഉണ്ടു്.
(ബി) ഉണ്ടു്.
(സി) ഗവേഷണം പൂർത്തിയായിട്ടില്ല.

ശ്രീ. കെ. കൃഷ്ണപിള്ള : ഈ അടുത്ത കാലത്തു് പുനലൂർ പട്ടണത്തിലുള്ള ഒരു കിണറ്റിൽനിന്നു മണ്ണെണ്ണ കിട്ടിയതായി റിപ്പോർട്ടുണ്ടായിരുന്നു. അതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അവിടെ എണ്ണനിക്ഷേപം ഇല്ലെന്നാണു് അറിഞ്ഞതു്.

ശ്രീ. എസ്സ്. കുമാരൻ : തീരപ്രദേശത്തെ എണ്ണനിക്ഷേപത്തെ സംബന്ധിച്ചു് പ്രാഥമികമായ വല്ല റിപ്പോർട്ടും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : പ്രാഥമികമായി ചില അന്വേഷണങ്ങൾ നടത്തിയതിന്റെ ഫലമായി തീരപ്രദേശത്തു് വക്കലയിൽ എണ്ണനിക്ഷേപമുണ്ടെന്നു ഗവണ്മെന്റിനു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. ആ വിവരം ഇൻഡ്യാഗവണ്മെന്റിനെ അറിയിച്ചു. അവരുടെ വിദഗ്ദ്ധന്മാർ വന്നു പരിശോധിച്ചിട്ടുപോലും അതു് സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. എസ്സ്. വെങ്കിട്ടരാമന്റെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ്ധസംഘമാണു് പരിശോധന നടത്തുന്നതു്. കൂടുതൽ പരിശോധന നടത്തുവാനായി "കോണ്ടു്" എന്ന കപ്പൽ അവരുടെ ഗവേഷണത്തിനായി വിട്ടുകൊടുക്കണമെന്നപേക്ഷിച്ചു. അതു് ഡിസംബർമാസത്തിൽ കൊടുക്കണമെന്നാണു് അവർ ആവശ്യപ്പെട്ടതു്. എന്നാൽ ജാനുവരിയിൽ മാത്രമേ അതു കൊടുക്കുവാൻ കഴിയുകയുള്ളുവെന്നു് യൂണിവേഴ്സിറ്റി അധികാരികളും പറഞ്ഞിരിക്കുകയാണു്. ആ വിവരം ഇൻഡ്യാഗവണ്മെന്റിനെ അറിയിച്ചിട്ടുമുണ്ടു്.

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : പത്തനാപുരത്തിനടുത്തുള്ള അഞ്ചു ഖനിയുടെ അടുത്തു സ്വർണ്ണനിക്ഷേപമുണ്ടെന്നു പറയുന്നുണ്ടു്. അതിനെ സംബന്ധിച്ചു ഒരു പരിശോധന നടത്തുവാൻ ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അവിടെ ജിയോളജിസ്റ്റു പോയി അന്വേഷണം നടത്തിയതിനുശേഷം ആശാവഹമായ റിപ്പോർട്ടു് ഒന്നും ലഭിച്ചിട്ടില്ല. വയനാട്ടിലാണു് സ്വർണ്ണനിക്ഷേപമുള്ളതു്. ഈ പ്രദേശത്തു് സ്വർണ്ണനിക്ഷേപമുള്ളതായി വിവരം ലഭിച്ചിട്ടില്ല.

അലോട്ടഡ് ഗ്രാഡുവേറ്റ്സ് ടീച്ചേഴ്സ് അസോസിയേഷന്റെ † നിവേദനം

* 48. [12] ശ്രീ. പി മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

† Put by Smt. Sarada Krishnan.

LIBRARY ARCHIVES Kerala Legislative Assembly